സമഗ്രമായ മദ്യനയം നടപ്പാക്കാൻ പദ്ധതി

163 (171) ശ്രീ. വർക്കല കഹാർ :
ശ്രീ. പാലോട് രവി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമഗ്രമായ മദ്യനയം നടപ്പാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനനുസൃതമായ ഒരു മദ്യനയമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. മദ്യത്തിന്റെ വിപണനം വർദ്ധിപ്പിക്കാനോ മദ്യപാനശീലത്തെ പ്രോത്സാഹിപ്പിക്കാനോ സർക്കാർ ഉദ്ദേശിക്കുന്നില്ല. കേരളീയ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും അതിൽനിന്നും ഉടലെടുക്കുന്ന ആരോഗ്യ-സാമൂഹിക പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. ഇതിനനുസൃതമായ സമഗ്രമായ ഒരു മദ്യനയം സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു. മദ്യത്തിൽനിന്നും ലഭിക്കുന്ന വരുമാനത്തെ സർക്കാർ ഒരു പ്രധാന റവന്യൂ വരുമാനമായി കാണുന്നില്ല. മറിച്ച് മദ്യത്തിൽനിന്നും പൊതുസമൂഹത്തെ, പ്രത്യേകിച്ച് യുവജനങ്ങളെയും വിദ്യാർത്ഥികളെയും രക്ഷിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് സർക്കാർ ഇത്തരം നടപടികൾ സ്വീകരിച്ച് വരുന്നത്.

(സി) 2014-15 വർഷത്തിലെ അബ്കാരി നയത്തിലെ ആദ്യപടിയായിട്ടാണ്, പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ള ബാർ ലൈസൻസുകൾ റദ്ദു ചെയ്യുന്നതിനും എഫ്.എൽ-1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10 ശതമാനം കണ്ട് കുറയ്ക്കുന്നതിനും സർക്കാർ തീരുമാനമെടുത്തത്. ഒരാൾക്ക് കൈവശം വയ്ക്കാവുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറയ്ക്കുകയും ബാർ ഹോട്ടലുകളുടെയും ബിയർ, വൈൻ പാർലറുകളുടെയും പ്രവർത്തന സമയം 5 $^{1}/_{2}$ മണിക്കൂർ കുറയ്ക്കുകയുമുണ്ടായി. യുവാക്കൾക്കിടയിലുള്ള മദ്യപാനാസക്തി നിയന്ത്രിക്കുന്നതിനായി, മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായപരിധി 18-ൽ നിന്നും 21 ആയി ഉയർത്തുകയുണ്ടായി. കൂടാതെ ബോധവൽക്കരണത്തിൽക്കൂടി മദ്യവർജ്ജനം പ്രാവർത്തികമാക്കുന്നതിന് എക്സൈസ് വകുപ്പിൽ ബോധവൽക്കരണ വിഭാഗം രൂപീകരിച്ച് ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. യുവജനങ്ങൾക്കിടയിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ദു:ഖവെള്ളിയാഴ്ചയും, അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനവും ഡ്രൈഡേകളായി പ്രഖ്യാപിച്ചു.

എക്സൈസ് വകുപ്പിന് സ്വന്തമായി കെട്ടിടം

164 (172) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലയിൽ എക്സൈസ് വകുപ്പിന് സ്വന്തമായി കെട്ടിടങ്ങളുണ്ടോ ; എങ്കിൽ എവിടെയെല്ലാമാണെന്നും എത്ര രൂപ ചെലവഴിച്ച് എപ്പോൾ നിർമ്മിച്ചതാണെന്നും വ്യക്തമാക്കുമോ ;

(ബി) കാസർകോഡ് ജില്ലയിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന എക്സൈസ് ഓഫീസുകളിൽ ഏതെല്ലാമാണ് ; ഈ കെട്ടിടങ്ങൾക്ക് നൽകുന്ന മാസ വാടക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) കാസർകോട് ജില്ലയിൽ എക്സൈസ് വകുപ്പിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ആലോചനയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് എക്സൈസ് സർക്കിൾ ഓഫീസിനും റെയ്ഞ്ചാഫീസിനും 10-6-2003-ലെ ജി.ഒ (ആർ.ടി) നമ്പർ 384/2003/ടി.ഡി ഉത്തരവ് പ്രകാരം 26 ലക്ഷത്തിന്റെ ഭരണാനുമതിയും, കുമ്പള റെയ്ഞ്ചാഫീസിന് 14-1-2004-ലെ ജി.ഒ (ആർ.ടി) നമ്പർ 23/2004/ടി.ഡി ഉത്തരവ് പ്രകാരം 13 ലക്ഷത്തിന്റെ ഭരണാനുമതിയും,